- സാധാരണ മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ട വ്യവഹാരത്തിന്റെ പഠനം - Alfred Marshal

എന്തുകൊണ്ട് സാമ്പത്തിക ശാസ്ത്രം?

- അനന്തമായ മാനുഷ്യ ആവശ്യങ്ങൾ
- ദുർലഭമായ വിഭവങ്ങൾ
- ദൗർലഭ്യമായ സമ്പത്തുകൾ
- വിഭവങ്ങൾ ഇതര ഉപയോഗങ്ങൾ ഉണ്ട്
- സമ്പത്ത് മറ്റു പല ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു
- തിരഞ്ഞെടുപ്പിന്റെ പ്രശ്നം നിലകൊള്ളുന്നു.

ആയതിനാൽ

മനുഷ്യന്റെ എണ്ണമറ്റ ആവശ്യങ്ങളും അവ നിറവേറ്റുന്നതിനാവശ്യമായ ദുർലഭവും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമായ വിഭവങ്ങളും തമ്മിലുള്ള ബന്ധമെന്ന നിലയിൽ മനുഷ്യന്റെ പെരുമാറ്റത്തെക്കുറിച്ച് പഠിക്കുന്ന സാമൂഹ്യശാസ്ത്രമാണ് സാമ്പത്തികശാസ്ത്രം.

**അടിസ്ഥാന സാമ്പത്തിക പ്രവർത്തനങ്ങൾ**

ഉൽപാദനം, ഉപഭോഗം, വിതരണം എന്നിവ

**സ്ഥിതിവിവരശാസ്ത്രത്തിന്റെ അർത്ഥം**

സ്ഥിതിവിവരശാസ്ത്രത്തെ ഏകവചന നാമത്തിലും ബഹുവചനനാമത്തിലും വിവരിക്കാം.

**ഏകവചനനിർവചനം**

സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റകളുടെ (ദത്തങ്ങളുടെ) ശേഖരണം, വർഗ്ഗീകരണം, വിഭജനം, അവതരണം, അപഗ്രഥനം എന്നിവക്കായി സ്വീകരിച്ചിട്ടുള്ള വിവിധ രീതികളെ സൂചിപ്പിക്കുന്നു.

**ബഹുവചന നിർവചനം**

സ്ഥിതിവിവരശാസ്ത്രം പരിമാണാത്മകവിവരങ്ങളെ (ദത്തങ്ങൾ) സൂചിപ്പിക്കുന്നു.

**സാമ്പത്തിക ദത്തങ്ങൾ**

**രണ്ടുവിധം**

**1. പരിമാണാത്മക ദത്തങ്ങൾ**

അളക്കാൻ കഴിയുന്ന ചില സ്വഭാവസവിശേഷതകളുടെ അടിസ്ഥാനത്തിൽ ദത്തങ്ങളെ വർഗ്ഗീകരിക്കുന്നു.

ഉദാ: ഉയരം, ഭാരം, വരുമാനം, വില നികുതി മുതലായവ

**2. ഗുണാത്മക ദത്തങ്ങൾ**

സംഖ്യാപരമായി പ്രകടിപ്പിക്കാൻ കഴിയാത്ത ദത്തങ്ങൾ.

ഉദാ: സൗന്ദര്യം, സത്യസന്ധത, ബുദ്ധി, സ്വഭാവം, മനോഭാവം, മുതലായവ.

എന്താണ് സ്ഥിതിവിവരശാസ്ത്രം ചെയ്യുന്നത്

(സാമ്പത്തികശാസ്ത്രത്തിൽ സ്ഥിതിവിവരശാസ്ത്രത്തിന്റെ പ്രാധാന്യം)

- സാമ്പത്തികവസ്തുതകളെ കണിശമായും കൃത്യമായും അവതരിപ്പിക്കാൻ സഹായിക്കുന്നു.
- ബൃഹത്തായ ദത്തങ്ങളെ ഏതാനും സംഖ്യകളിലേക്ക് ചുരുക്കാൻ സഹായിക്കുന്നു.
- സാമ്പത്തികപ്രശ്നങ്ങളെ മനസ്സിലാക്കാൻ സഹായിക്കുന്നു.
- സാമ്പത്തിക പ്രശ്നങ്ങളുടെ കാരണങ്ങളെ കണ്ടെത്താൻ സഹായിക്കുന്നു.
- ഉചിതമായ സാമ്പത്തിക നയങ്ങൾ രൂപീകരിക്കാൻ സഹായിക്കുന്നു.
- വ്യത്യസ്തമായ സാമ്പത്തിക ഘടകങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കുവാൻ സഹായിക്കുന്നു.
- പദ്ധതികളും നയങ്ങളും ആവിഷ്കരിക്കാൻ സഹായിക്കുന്നു.

**സ്ഥിതിവിവരശാസ്ത്രത്തിന്റെ പ്രധാന പരിമിതികൾ**

- വ്യക്തിനിഷ്ഠമായ ഘടകങ്ങളെ പ്രതിപാദിക്കുന്നില്ല
- പരിമാണാത്മക ദത്തങ്ങളെ മാത്രമെ കൈകാര്യം ചെയ്യുന്നുള്ളൂ.
- ഫലങ്ങൾ കൃത്യമാവണമെന്നില്ല.
- സ്റ്റാറ്റിസ്റ്റിക്സിനെ ദുരുപയോഗം ചെയ്യപ്പെടാം.

# Chapter 2

## ദത്ത ശേഖരണം

ശരിയായ വിവരങ്ങൾ കൊണ്ടു മാത്രമേ വ്യക്തമായ തീരുമാനങ്ങൾ എടുക്കാൻ സാധിക്കുകയൊള്ളൂ. ഒരു വിഷയത്തെ കുറിച്ച് അറിയാൻ വേി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള മാർഗ്ഗമാണ് ദത്തശേഖരണം. ദത്തകളുടെ അടിസ്ഥാനത്തിൽ മാത്രമേ ശെരിയായ വിവര വിശകലനത്തിന് സാധ്യമാകൂ.

### ദത്തങ്ങളുടെ ഉറവിടങ്ങൾ

I ബാഹ്യഉറവിടം: ബാഹ്യ ഉറവിടങ്ങളെ മൂന്നായി തരംതിരിക്കാം

### 1) പ്രാധമിക ദത്തങ്ങൾ

ഒരു അന്വേഷകൻ ആദ്യമായി ശേഖരിക്കുന്ന ദത്തങ്ങളാണ് പ്രാധമിക ദത്തങ്ങൾ. ഇവ മൗലിക ദത്തങ്ങളാണ്.

### 2) ദ്വിതീയ ദത്തങ്ങൾ

വിശകലനത്തിനായി ആരെങ്കിലും ശേഖരിച്ച ദത്തങ്ങളെ വീണ്ടും ഉപയോഗ പ്പെടുത്തുകയാണെങ്കിൽ അവ ദ്വിതീയ ദത്തങ്ങളാണ്. ഇവ മൗലിക ദത്തങ്ങളല്ല, പ്രസിദ്ധീകരിച്ചതോ അല്ലാത്തതോ ആകാം.

### 3) ത്രിതീയ ദത്തങ്ങൾ

ദ്വിതീയ ദത്തങ്ങളിൽ നിന്നും വേർതിരിച്ച് ശുദ്ദീകരിച്ചെടുക്കുന്നവയാണ് ഇത്.

II ആന്തരിക ഉറവിടങ്ങൾ

ഗവൺമെന്റ്, ബിസിനസ്സ് സ്ഥാപനങ്ങൾ, അന്താരാഷ്ട്ര ഏജൻസികളും സ്ഥാപനങ്ങളും ധാരാളം വിവരങ്ങൾ പുറത്തു വിടാറു് ഇവയെ ആന്തരിക ഉറവിടങ്ങൾ എന്ന് പറയുന്നു.

### പ്രാധമിക വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗങ്ങൾ

1. **വ്യക്തിപരമായ അഭിമുഖം**

ഈ രീതിയിൽ ആരിൽ നിന്നാണോ വിവരങ്ങൾ ശേഖരിക്കേത് അയാളുമായി നേരിട്ട് സംസാരിച്ച് വിവരങ്ങൾ ശേഖരിക്കുന്നു

**<u>ഗുണങ്ങൾ</u>**

1. വിശ്വസനീയമായ വിവരങ്ങൾ ലഭിക്കും
2. അനുബന്ധ വിവരങ്ങൾ ശേഖരിക്കാം
3. മൗലികമായ ദത്തങ്ങൾ ശേഖരിക്കാം
4. ദുർവ്യാഖ്യാനങ്ങൾക്കുള്ള സാധ്യത ഒഴിവാക്കാം

**ദോഷങ്ങൾ**

1. സാമ്പത്തിക നഷ്ടം കുടുതലാണ്
2. സമയം കുടും
3. വലിയൊരു പ്രദേശത്തിന് ആനുയോജ്യമല്ല,
4. പരിശീലനമില്ലാത്ത അന്വേഷണമാണെങ്കിൽ ശെരിയായ വിവരങ്ങൾ ലഭിക്കുക യില്ല.

**2. ടെലഫോൺ അഭിമുഖം**

ടെലിഫോൺ മുഖേന വിവര ദാതാക്കളുമായി നേരിട്ട് സംസാരിച്ച് വിവരങ്ങൾ ശേഖരിക്കുന്ന രീതി യാണിത്. വലിയ പണച്ചെലവില്ലാതെ വിവരങ്ങൾ ശേഖരിക്കാൻ ഇതു മുഖേന സാധിക്കും.

**3. തപാൽ മുഖേനയുള്ള ചോദ്യാവലി**

മുൻകുട്ടി തയ്യാറാക്കിയ ഒരു ചോദ്യാവലി തപാൽ മുഖേന വിവരദാതാവിനു അയച്ച് കൊടുത്ത് വിവരം ശേഖരിക്കുന്ന രീതിയാണിത്. വളരേ വലിയ പ്രദേശത്ത് കുറഞ്ഞ ചെലവിൽ വിവരങ്ങൾ ശേഖരിക്കാൻ ഇത് സഹായിക്കും.വിവരം നൽകുന്നയാൾ സാക്ഷരനായാൽ മത്രമേ ഇത് സാധ്യമാകു.

**4. നേരിട്ടല്ലാതെയുള്ള വാമൊഴി അന്വേഷണം**

ഈ രീതിയിൽ അന്വേഷകൻ വിവരങ്ങൾ നൽകാൻ കഴിവുള്ള ഒരു മുന്നാം കക്ഷിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്നു. വിവര ദാതാവുമായി നേരിട്ട് ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യത്തിലാണ് ഈ രീതി ഉപയോഗിക്കുക.

**5. പത്ര പ്രവർത്തകരിൽ നിന്നുള്ള വിവരങ്ങൾ**

ഈ രീതിയിൽ വിവരങ്ങൾ ശേഖരിക്കാൻ അന്വേഷകൻ വിവിധ പ്രദേശങ്ങളിൽ പ്രാദേശിക ലേഖകന്മാരെ നിയമിക്കുന്നു. ഇവർ ആവശ്യമായ വിവരം ശേഖരിച്ച് അന്വേഷകനു കൈമാറുന്നു

## Qualities of a good questionnaire

**നല്ലൊരു ചോദ്യാവലിക്ക് വേണ്ട ഗുണങ്ങൾ**

1. ചോദ്യങ്ങൾ വളരേ ചെറുതായിരിക്കണം
2. പൊതുവായ ചോദ്യത്തിൽ തുടങ്ങി പ്രത്യേക ചോദ്യത്തിൽ അവസാനിപ്പിക്കണം
3. ചോദ്യം ചുരുങ്ങിയതും, കൃത്യവുമായിരിക്കണം
4. ദ്വയാർത്ഥമുള്ള ചോദ്യങ്ങൾ പാടില്ല
5. ഉത്തരത്തിലേക്ക് ക്ലൂ നൽകുന്ന ലീഡിങ്ങ് ചോദ്യങ്ങൾ ആകരുത്

## ദ്വിതീയ ദത്തങ്ങളുടെ ശേഖരണം

### * പ്രസിദ്ധീകരിച്ച ഉറവിടങ്ങൾ

- കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ
- ഐക്യരാഷ്ട്ര സംഘടന, വിദേശ ഗവൺമെന്റുകൾ, മറ്റു അന്താരാഷ്ട്ര സംഘടനകൾ എന്നിവരുടെ പ്രസി ദ്ധീകരണങ്ങൾ
- തൊഴിലാളി സംഘടന, ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ രുടെ പ്രസിദ്ധീകരണങ്ങൾ
- ഗവേഷകരുടെയും, വിദഗ്തരുടെയും റിപ്പോർട്ടുകൾ

### * പ്രസിദ്ധീകരിക്കാത്ത ഉറവിടങ്ങൾ

ഗവൺമെന്റ് ,സ്വകാര്യ സ്ഥാപനങ്ങൾ, ഗവേഷകർ എന്നിവരെല്ലാം ശേഖരിച്ച പ്രസിദ്ധീകരിക്കാത്ത തത്വങ്ങളും ദ്വിതീയ ദത്ത ശേഖരണത്തിൻ ഉപയോഗപ്പെടുത്താം.

### സമഷ്ടി/സമുച്ചയം

പോപുലേഷൻ എന്നാൽ ജനസംഖ്യ എന്നാണ് അർത്ഥം എന്നാൽ സാംഖ്യകത്തിൽ മറ്റൊരു അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. ഒരു അന്വേഷ ണത്തിനു വേണ്ടി വിവരങ്ങൾ ശേഖരിക്കേമൊത്തം സമൂഹത്തെ സമഷ്ടി എന്ന് പറയുന്നു. ഇതിൽ ഒരു അന്വേഷണത്തിനുള്ള എല്ലാ വിഷയങ്ങളും ഉൾപ്പെടും.

**സെൻസസ് സർവ്വേ** : സമഷ്ടിയിലെ എല്ലാ വിഷയങ്ങളേയും ഇനം തിരിച്ചുള്ള പഠനം സെൻസസ് സർവ്വേഎന്ന് പറയുന്നു.

### ഗുണങ്ങൾ

1. കൂടുതൽ വിശ്വാസ്യത ഉായിരിക്കും
2. തെറ്റുകൾ സംഭവിക്കുകയില്ല
1. വിവരങ്ങൾ തുടർ പഠനത്തിന് ഉപയോഗിക്കാം

### ദോഷങ്ങൾ

1. സാമ്പത്തിക നഷ്ടം
2. സമയ നഷ്ടം
3. ധാരാളം ഉദ്യോഗസ്ഥരെ ആവശ്യമുണ്ട്
4. തെറ്റുകൾസംഭവിക്കാം

## സാമ്പിൾ സർവ്വേ

എല്ലാ സാഹചര്യങ്ങളിലും സെൻസസ് മാതൃകയിലുള്ള ഒരു സർവ്വേ ആവശ്യമില്ല പകരം സാമ്പിൾ എടുത്ത് പഠിക്കുകയും തീരുമാനത്തിൽ എത്തുകയും ചെയ്യുന്നു. ഇങ്ങനെ പഠനത്തിനു കീഴിൽവരുന്ന സമഷ്ടിയുടെ സവിശേഷതകൾ പ്രതിനി ധാനം ചെയ്യുന്ന സാമ്പിൾ എടുത്തുകൊണ്ട് നിർവ്വഹിക്കുന്ന സർവ്വേയെ സാമ്പിൾ സർവ്വേ എന്ന് പറയുന്നു.

### ഗുണങ്ങൾ

1. സാമ്പത്തിക ലാഭം
2. സമയലാഭം
3. വിശ്വസനീയമായ ഫലങ്ങൾ
4. കുറഞ്ഞ ഉദ്യോഗസ്ഥന്മാർമതി.

### ദോഷങ്ങൾ

1. ലഭിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ശെരിയാകണമെന്നില്ല.
2. വിവരങ്ങളിൽ വ്യക്തത ഉാകില്ല
3. തെറ്റ് വരാനുള്ള സാധ്യത കൂടുതലാണ്

## സാംപ്ലിങ്ങ് രീതികൾ

**A** യാദൃശ്ചിക സാംബ്ലിങ്ങ്

സമഷ്ടിയിലെ എല്ലാ യൂണിറ്റുകളും സാമ്പിളായി തെരഞ്ഞെടുക്കുന്നതിനുള്ള തുല്യമായ അവസരമുണ്ടാക്കുന്ന രീതിയാണിത്. അന്വേഷകന്റെ വ്യക്തി താൽപര്യം ഇവിടെ സാമ്പിൾ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുകയില്ല. ഇവിടെ രണ്ട് രൂപത്തിൽ സാമ്പിൾ തെരഞ്ഞെടുക്കാം

### 1. ഭാഗ്യക്കുറി രീതി

ഏറ്റവും പ്രചാരമുള്ള വളരേ ലളിതമായ രീതിയാണിത്. ഈ രീതിയിൽ എല്ലാ യൂണിറ്റുകൾക്കും ഒരു പേപ്പർ കഷ്ണത്തിൽ നമ്പർ നൽകുകയോ, പേരുനൽകുകയോ ചെയ്യും. ഈ പേപ്പറുകളെല്ലാം ഒരേ രൂപത്തിൽ മടക്കി ഒരു പാത്രത്തിൽ ഇടുന്നു ശേഷം ആവശ്യമുള്ള സാമ്പിൾ തെരഞ്ഞെടുക്കുന്നു.

### 2. യാദൃശ്ചിക സംഖ്യാരീതി

യാദൃശ്ചിക സംഖ്യകളുടെ പലതരത്തിലുള്ള പട്ടികകൾ ലഭ്യമാണ്. ഈ പട്ടിക കളുടെ എവിടെനിന്നും സാമ്പിൾ ശേഖരിക്കാം. ഏതൊരു വരി, നിര, പേജ് അല്ലെങ്കിൽ പോയിന്റ് എന്നിങ്ങനെ എവിടെ നിന്ന് വേണമെങ്കിലും തുടങ്ങാം. 5000 ത്തിൽ നിന്നും 100 ആളെ തെരഞ്ഞെടുക്കാൻ ആദ്യം 1 മുതൽ 5000 വരേ നമ്പർ നൽകുന്നു. ശേഷം

യാദൃശ്ചികസംഖ്യാ പട്ടികയുടെ ഏതെങ്കിലും പേജ് എടുത്തിട്ട് ഏതെങ്കിലും ദിശയിൽ 5000 ത്തിൽ താഴെയുള്ള 100 നമ്പർ തെരഞ്ഞെടുക്കുന്നു.

## B യാദൃശ്ചികമല്ലാത്ത സാംബ്ലിങ്ങ്

സാമ്പിൾ തെരഞ്ഞെടുക്കുന്നതിനായി സമഷ്ടയിലെ എല്ലാ യൂണിറ്റുകൾക്കും തുല്യ അവസരം നൽകാത്ത രീതിയാണ്. യാദൃശ്ചികമല്ലാത്ത സാംബ്ലിങ്ങ്. ഇവിടെ സാമ്പിളായി ഏതെല്ലാം തെരഞ്ഞെടുക്കണം എന്നത് അന്വേഷകന്റെ വിവേചന ബുദ്ധി യേയും താൽപര്യത്തേയും അടിസ്ഥാനമാക്കിയാണ്.

# Chapter 3

## ദത്തങ്ങളെ തരം തിരിക്കൽ

ഒരു പോലെയുള്ളതോ, സാമ്യമുള്ളതോ ആയ ദത്തങ്ങളെ ഒരു ഗ്രൂപ്പായി ക്രമീകരിക്കുന്നതിനെയാണ്. ദത്തങ്ങളെ തരംതിരിക്കൽ എന്ന് പറയുന്നത്. പെട്ടെന്ന് പഠിക്കാനും, മനസ്സി ലാക്കാനും, താരതമ്യം ചെയ്യാനും ഇതിലൂടെ സാധിക്കും.

## പല തരത്തിലുള്ള തരംതിരിവ്

### 1. ഭൂമിശാസ്ത്രപരം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ ദത്തങ്ങളെ തരംതിരിക്കുകയാണെങ്കിൽ ഇതിനെ ഭൂമിശാസ്ത്രപരമായ തരംതിരിവ് എന്ന് പറയുന്നു ഇന്ത്യയിൽ ജനസംഖ്യയുടെയും കൃഷിയുടെയും തരംതിരിവ് ഈ രൂപത്തിലാണ്.

### 2. കാലക്രമം അനുസരിച്ചുള്ള തരം തിരിവ്

ഒരു പ്രത്യേക കാലഘട്ടത്തെ അടിസ്ഥാനമാക്കി ദത്തങ്ങളെ തരംതിരിക്കുന്നതാണിത്. 2005-2006, 2012, 2013 എന്നീ രൂപത്തിലാണിവിടെ തരംതിരിക്കുന്നത്.

### 3. ക്വാളിറ്റേറ്റിവ്

ചില പ്രത്യേക സ്വഭാവ സവിശേഷതകളുടെ അടിസ്ഥാനത്തിൽ ദത്തങ്ങളെ തരംതിരിക്കുന്നതാണിത്.

### പരിമാണാത്മകം

സാംഖ്യകം ഉപയോഗിച്ച് അളക്കാൻ കഴിയുന്ന സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരം തിരിക്കുകയാണെങ്കിൽ അതിനെ പരിമാണാത്മക തരംതിരിവ് എന്ന് പറയുന്നു

### അണി

അസംസ്കൃത ദത്തങ്ങളെ വലിപ്പ ക്രമത്തിൽ അവതരിപ്പിക്കുമ്പോൾ അതിനെ അണി എന്ന് പറയുന്നു. വലിപ്പ ക്രമത്തിലുള്ള അവതരണം ആരോഹണ ക്രമത്തിലോ, അവരോഹണ ക്രമത്തിലോ ആകാം.

### ആവൃത്തി അണി

ഒരു ശ്രേണി നിർമ്മിക്കുമ്പോൾ ചില സംഖ്യകൾ ആവർത്തിച്ച്വരാം. ഒരു സംഖ്യ എത്ര തവണ ആവർത്തിക്കുന്നുവോ അത്രയും തവണകളുടെ എണ്ണത്തെ ആവൃത്തി എന്ന് പറയുന്നു. ഒരു ശ്രേണിയിലെ സംഖ്യകൾ ആവർത്തിക്കപ്പെടുന്നത് അടയാളപ്പെടുത്തുമ്പോൾ ആവൃത്തി അണി ലഭിക്കുന്നു.

### സാംഖ്യക ശ്രേണികൾ

ശേഖരിച്ച ദത്തങ്ങളെ യുക്തിപരമായ രീതിയിൽ അവതരിപ്പിക്കുമ്പോൾ അതൊരു ശ്രേണിയായി തീരുന്നു നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ശ്രേണിയെ മൂന്നായി തരംതിരിക്കാം.

### സ്വതന്ത്ര ശ്രേണി

ഇത്തരം ശ്രേണികളിൽ ഓരോ ദത്തവും സ്വതന്ത്രമാണ്. ഒരു ദത്തം ഒരു കാര്യത്തെ മാത്രമേ സൂചിപ്പി ക്കുന്നുള്ളു.

Age : 18, 17, 16, 19, 20, 24, 22, 29, 15

### അസന്തതശ്രേണി

ഇത്തരം ശ്രേണികളിൽ എണ്ണത്തിനാണ്. പ്രാധാന്യം ഇവിടെ ആവൃത്തി ഉാകുന്നു. ഓരോ ദത്തവും ഒന്നിൽ കൂടുതൽ കാര്യത്തെ സൂചിപ്പിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| Age | 18 | 17 | 16 | 19 | 20 |
| No. of student | 2 | 5 | 7 | 3 | 1 |

### സന്തത ശ്രേണി

ഇത്തരം ശ്രേണികളിൽ ഉച്ചസീമയും നീചസീമയും വർഗാന്തരങ്ങളുടെ അടിസ്ഥാനത്തിലാണ് ദത്തങ്ങളെ ക്രമീകരിച്ചിരിക്കുന്നത്. തുടക്കം മുതൽ അവസാനം വരേ ഒരു തുടർച്ച ഉാകും. രു രീതിയിൽ സന്തത ശ്രേണി നിർമ്മിക്കാം.

| | | | | |
|---|---|---|---|---|
| Age | 0-10 | 10-20 | 20-30 | 30-40 |
| No. of student | 2 | 5 | 7 | 8 |

### എക്സ്ക്ലുസീവ്

ഒരു വർഗ്ഗത്തിന്റെ ഉച്ചസീമ അടുത്ത വർഗ്ഗത്തിന്റെ നീചസീമ ആകുന്ന വിധത്തിൽ വർഗ്ഗാന്തരാളങ്ങൾ ക്രമീകരിക്കുക യാണെങ്കിൽ അതിനെ എക്സ്ക്ലുസീവ് രീതി എന്ന് പറയുന്നു.

| | | | | |
|---|---|---|---|---|
| Age | 0-10 | 10-20 | 20-30 | 30-40 |
| No. of student | 2 | 5 | 7 | 8 |

### ഇങ്ക്ളുസീവ്

ഇത്തരം ശ്രേണിയിൽ ഒരു വർഗ്ഗ ത്തിന്റെ ഉച്ചസീമ അതിൽ തന്നെ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| Age | 6-10 | 11-15 | 16-20 |
| No. of students | 5 | 5 | 10 |

ഇങ്ക്ളുസീവ് ദത്തകളെ എക്സ്ക്ലൂസിവ് ആക്കാൻ നീച സീമയിൽ നിന്നും 0.5 കുറക്കുകയും ഉച്ച സീമയുടെ കൂടെ 0.5 കൂട്ടുകയും ചെയ്താൽ മതി.

| Age | 5.5-10.5 | 10.5-15 .5 | 15.5-20 .5 |
|---|---|---|---|
| No. of students | 5 | 5 | 10 |

1. In a city 45 families were surveyed for the number of Cell phones they used. Prepare a frequency array based on their replies as recorded below.

1 3 2 2 2 2 1 2 1 2 2 3 3 3 3 3 3 2 3 2 2 6 1 6

2 1 5 1 5 3 2 4 2 7 4 2 4 3 4 2 0 3 1 4 3

2. Prepare a frequency distribution by inclusive method taking class interval of 7 from the following data.

17 15 22 29 21 23 27 18 12 7 2 9 4 1 8 3 10 5 20 16 12

8 4 33 27 21 15 3 36 27 18 9 2 4 6 32 31 29 18 14 13 15

11 9 7 1 5 37 32 28 26 24 20 19 25 19 20 6 9 28

# Chapter 4

# ദത്തകളുടെഅവതരണം

ദത്തങ്ങൾ ശേഖരിച്ച ശേഷം അവയെ ശരിയായ രീതിയിൽ അവതരിപ്പിക്കണം കാരണം അസംസ്കൃതമായ ദത്തങ്ങൾ അവയുടെ പൂർണ്ണമായ അർത്ഥം വ്യക്തമാക്കുന്നില്ല. ഒരു അന്വേഷണത്തിന്റെ ഭാഗമായി ശേഖരിച്ച ദത്തങ്ങളാണ് അസംസ്കൃത ദത്തങ്ങൾ. ഇവയെ ശരിയായ രൂപത്തിൽ അവതരിപ്പിച്ചാൽ പഠനം വളരേ എളുപ്പത്തിലാകുകയും, പെട്ടെന്ന് മനസ്സിലാകുകയും ചെയ്യും.

## പലരൂപത്തിൽ ദത്തങ്ങളെ അവതരിപ്പിക്കാം

### 1. വസ്തുതാപരമായ അവതരണം

വിവരങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതാണിത്. വിവരങ്ങൾ വളരേ ചെറുതാണെങ്കിൽ മാത്രമേ ഈ രീതി ഉപയോഗിക്കാൻ കഴിയുകയൊള്ളൂ.

### 2. പട്ടിക രൂപത്തിലുള്ള അവതരണം

ഒരു പട്ടികയിലെ കോളങ്ങളിലും, പംക്തികളിലും ദത്തങ്ങളെ അവതരിപ്പിക്കുന്ന താണിത്. കോളം ലംബമായും പംക്തി തിരശ്ചീനമായും ക്രമീകരിക്കുക.

## പട്ടികയുടെ ഭാഗങ്ങൾ

1. **ടാബിൾ നമ്പർ:** ഓരോ പട്ടികക്കും നമ്പർനൽകണം. ഇത് പഠനം വളരേ എളുപ്പത്തിലാക്കും

2. **ശീർഷകം:** ഓരോ പട്ടികക്കും ഒരു ഹെഡ്ഡിങ്ങ് നൽകുന്നതാണിത്. പട്ടികയിലെ ഉള്ളടക്കം സംബന്ധിച്ച ഒരു വിശ ദീകരണം ശീർഷകം കൊടുക്കുന്നു.

3. **തലക്കുറിപ്പ്;** ശീർഷകത്തെ സംബന്ധിച്ച ഒരു ഹ്രസ്വമായ വിശദീകരണ കുറിപ്പാണിത്.

**4.പംക്തി ശീർഷകം:** വരികളുടെ ഹെഡ്ഡിങ്ങുകളാണിത് ഇത് ഇടതുഭാഗത്ത് കൊടുക്കും

**5.നിരകളുടെ ശീർഷകം:** നിരകളുടെ ഹെഡ്ഡിങ്ങുകളാണിത് ഓരോ കോളങ്ങളും എന്തിനെ സൂചിപ്പിക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

**6.ഉള്ളടക്കം:** പട്ടികയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. സംഖ്യാസംബന്ധമായ വിവരങ്ങളെല്ലാം ഇതിൽ കൊടുക്കുന്നു.

**7.അടിക്കുറിപ്പുകൾ:** പട്ടികയിലെ ചില പ്രത്യേക സൂചക ങ്ങളോ, വിശദീകരണങ്ങൾ നൽകുന്ന തിനുള്ള സൂത്രവാക്യങ്ങളോ ആണിത്.

**8.പ്രഭവ സൂചിക**: പട്ടികയിലെ വിവരങ്ങൾ എവിടെ നിന്നെല്ലാം സ്വീകരിച്ചു എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. പഠിക്കുന്ന ആൾക്ക് കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും വിവരത്തിന്റെ ആധികാരികതയും ഇത് വ്യക്തമാക്കുന്നു.

### ഡയഗ്രത്തിലൂടെയും, ഗ്രാഫുകളി ലൂടെയുമുള്ള അവതരണം

ദത്തങ്ങളെ അവതരിപ്പിക്കാനുള്ള മറ്റൊരു മാർഗ്ഗമാണ് ഡയഗ്രത്തിലൂടെയും, ഗ്രാഫുകളിലൂടെയുമുള്ള അവതരണം ഇത് സംഖ്യകളെ ആകർഷകമായ ചിത്രങ്ങളുടെ രൂപത്തിലാക്കി മാറ്റുകയും അതിലൂടെ എളുപ്പത്തിൽ മനസ്സിലാക്കാനും വിശകലനം ചെയ്യാനും സാധിക്കുകയും ചെയ്യും.

### പ്രധാനപ്പെട്ട ഡയഗ്രങ്ങൾ താഴെ പറയുന്നവയാണ്

### 1. ബാർ ആരേഖം

### സരള ബാർ ആരേഖം

ഒരുകാര്യത്തെ മാത്രം സൂചിപ്പിക്കാനാണ് ഇത് ഉപയോഗിക്കുന്നത്. അതാ യത് ജനസംഖ്യ, ജനനനിരക്ക്, മരണ നിരക്ക്, തൊഴിൽ, ഉൽപാദനം എന്നിവയെല്ലാം ഇങ്ങനെ സൂചിപ്പിക്കാം.

### ബഹു ബാർ ആരേഖം

ബഹു ബാർ ആരേഖത്തിൽ പരസ്പര ബന്ധിതമായ ഒന്നിലധികം കാര്യങ്ങൾ ഒരേ സമയം സൂചിപ്പിക്കുന്നു. ഒരോന്നും വ്യത്യസ്ഥമായ രൂപത്തിൽ നിറം കൊടുക്കണം.

### ഉപ വിഭജിത ആരേഖം

ഇത്തരം ആരേഖങ്ങളിൽ ഒരു ബാറിനുള്ളിൽ തന്നെ ഒന്നിലധികം കാര്യങ്ങൾ സൂചിപ്പിക്കുന്നു. ഇത്തരം ആരേഖം വരക്കാൻ ആദ്യം ദത്തങ്ങളുടെ തുക കാണണം ശേഷം ഒരു ബാറിനുള്ളിൽ തന്നെ വ്യത്യസ്ഥ ഭാഗങ്ങളായി വിഭജിച്ച് ഓരോ കാര്യവും രേഖപ്പെടുത്തുന്നു. ഓരോന്നും വ്യത്യസ്ഥ രൂപത്തിൽ ഷെയ്ഡ് ചെയ്യണം

### ശതമാന ആരേഖം

ശതമാന അടിസ്ഥാനമാക്കി വരക്കുന്ന ഉപവിഭജിത ആരേഖമാണ് ശതമാന ആരേഖം. ഇത് വരക്കാൻ ആദ്യം ശതമാനം കാണണം. ഇവിടെ ഓരോ ബാറിന്റെയും നീളം 100 ന് തുല്യ മായിരിക്കും.

### വൃത്ത ആരേഖം

ശതമാന ക്കണക്കിലുള്ള ദത്തങ്ങളെ സൂചിപ്പിക്കാനാണ് വൃത്ത ആരേഖം ഉപയോഗിക്കുന്നത്. ഒരുവൃത്തം ഉപയോഗിച്ച് മൊത്തം ദത്തയെ സൂചിപ്പി ക്കുന്നു, വൃത്തത്തിന്റെ ഖണ്ഡങ്ങൾ ഉപയോഗിച്ചു കൊ് വിവിധ വിഭാഗ ങ്ങളേയും സൂചിപ്പിക്കുന്നു. ഒരു വൃത്താ രേഖം വരക്കാൻ ആദ്യം ദത്തങ്ങളുടെ തുകകാണണം

ശേഷം ശതമാനം കാണണം. ഓരോ ശതമാനത്തേയും 3.6 കൊണ്ട് ഗുണിച്ച് ഡിഗ്രിയും കാണണം.



### ആവൃത്തി ഡയഗ്രം

സാംഖ്യക ദത്തങ്ങളെ സൂചിപ്പിക്കാനുള്ള മറ്റൊരു മാർഗ്ഗമാണ് ആവൃത്തി ഡയഗ്രം. ഒരു ആവൃത്തി വിതരണം നാലു രൂപത്തിൽ ഗ്രാഫിലൂടെ അവതരി പ്പിക്കാം.

### ആയതാരേഖം

ഒരു ആവൃത്തി വിതരണം അവതരിപ്പിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന രീതിയാണിത്. ഒരു ആയതാരേഖം വരക്കുമ്പോൾ ആവൃത്തികൾ Y അക്ഷത്തിലും ചരങ്ങൾ X അക്ഷത്തിലും സൂചിപ്പിക്കുന്നു.



**ആവൃത്തിവക്രം** ഒരു ഹിസ്റ്റോഗ്രാം വരച്ച് അതിന്റെ മധ്യഭാഗത്തുകൂടി സ്വതന്ത്രമായും ഉദാരമായും ഒരു ആവൃത്തി വക്രം വരക്കും.




**സഞ്ചിതാവൃത്തി വക്രം** : ഒരു ആവൃത്തി വിതരണം രു രൂപത്തിൽ സഞ്ചിതമാക്കാം

**ലഘു സഞ്ചിതാവൃത്തി** : ലഘു സഞ്ചിതാവൃത്തിയിൽ വർഗ്ഗങ്ങ ളുടെ ഉച്ച സീമയിൽ തുടങ്ങുകയും ആവൃത്തികളെ ക്കൂട്ടിച്ചേർത്ത്കൊ് നീങ്ങുകയും ചെയ്യുന്നു.

**ഗുരു സഞ്ചിതാവൃത്തി** : ഗുരു സഞ്ചിതാവൃത്തിയിൽ വർഗ്ഗ ങ്ങളുടെ നീചസീമയിൽ തുടങ്ങുകയും ആവൃത്തികളെ കുറച്ച്കൊ് നീങ്ങു കയും ചെയ്യുന്നു

**ടൈം സീരീസ് ഗ്രാഫ്** : സാംഖ്യക ദത്തങ്ങളെ ഒരു കാല ഘട്ടത്തിന്റെ അടിസ്ഥാനത്തിൽ ക്രമീക രിക്കുന്നതാണ് ടൈംസീരീസ്. ഇവിടെ കൊല്ലം, മാസം, ആഴ്ച, എന്നീ രൂപത്തിലുള്ള സമയത്തെ X അക്ഷത്തിലേക്കും ഇതിന്റെ മൂല്യങ്ങളെ Y അക്ഷത്തിലേക്കും എടുക്കുന്നു.

ഒരു സംസ്ഥാന അസംബ്ലി ഇലക്ഷനിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ നേടിയ സീറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. സിമ്പിൾ ബാർ ഡയഗ്രം വരച്ച് റിസൾട്ട് അവതരിപ്പിക്കുക

| Political parties | A | B | C | D | E |
|---|---|---|---|---|---|
| Seats won | 75 | 55 | 37 | 29 | 10 |

2. The following data shows the weekly income of families. Draw a simple bar diagram (സിമ്പിൾ ബാർ ഡയഗ്രം വരക്കുക)

| Family | A | B | C | D | E | F | G | H | I | J |
|---|---|---|---|---|---|---|---|---|---|---|
| weekly income | 800 | 700 | 100 | 750 | 500 | 80 | 420 | 250 | 400 | 360 |

3. The following tables shows monthly expenditure of two families. Present the data by means of a component bar diagram (tIms¼mWâv _mÀ Ub{Kw hcjpI)

| Item | Family A | Family B |
|---|---|---|
| Food | 150 | 350 |
| Clothing | 38 | 120 |
| Rent | 56 | 130 |
| Medical | 24 | 68 |
| Others | 70 | 95 |

5. Income and expenditure of ten families are given below. draw a multiple bar diagram using the data (മൾട്ടിപിൾ ബാർ ഡയഗ്രം വരക്കുക)

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Income | 500 | 6500 | 10000 | 1500 | 4000 | 2500 | 3700 | 7500 | 8000 | 10000 |
| Expenditure | 4100 | 5000 | 9600 | 1800 | 4200 | 2500 | 3000 | 7000 | 6000 | 8000 |

4.Draw a pie-diagram for the following data pertaining to the sale of product in a market per day

| Produtcts | Weight |
|---|---|
| Vegetables | 500 |
| Meats | 200 |
| Eggs | 100 |
| Total | 800 |

5. In a cashew factory out of the 300 women workers 155 engaged in shelling 50 in peeling 25 in grading and 70 in packing jobs. can you represent it on a pie chart (ഒരു കശുവണ്ടി ഫാക്ടറിയിൽ ആകെയുള്ള 300 സ്ത്രീ തൊഴിലാളികളിൽ 155 പേർ കശുവി തല്ലിലും 50 പേർ കശുവി പൊളിക്കുന്ന ജോലി യിലും 25 പേർ തരം തിരിക്കുന്ന ജോലിയിലും 70 പേർ പാക്കിങ്ങിലും ഏർപ്പെട്ടി രിക്കുന്നു, പൈ ചാർട്ട് ഉപയോഗിച്ച് ഇത് ചിത്രീകരിക്കാമോ?)

6. The following are themarks obtained by 30 students in a class. Draw a histogram (ഹിസ്റ്റോഗ്രാം വരക്കുക)

| Marks | 10-20 | 20-30 | 30-40 | 40-50 |
|---|---|---|---|---|
| No. of Students | 5 | 8 | 10 | 7 |

7. In a city the weekly observation made in a study on the cost of living index are given in the following table Draw a frequency poligon (ഫ്രീക്വൻസി പോളിഗൺ വരക്കുക)

| Cost of living index | No. of weeks |
|---|---|
| 140-150 | 5 |
| 150-160 | 10 |
| 160-170 | 20 |
| 170-180 | 9 |
| 180-190 | 6 |
| 190-200 | 2 |

8. The marks secured by 60 students in an examination are given below

| Marks | 0-20 | 20-40 | 40-60 | 60-80 | 80-100 |
|---|---|---|---|---|---|
| No.of students | 5 | 7 | 30 | 12 | 6 |

a) Construct the schedule more than and less than Ogives (ലെസ്താൻ ഒജീവും, മോർതാൻ ഒജീവും വരക്കുക)

b) Draw the diagram

c) Locate the median graphically

13. The following table shows that scores obtained by 50 students in the model examination

| Score | 0-10 | 10-20 | 20-30 | 30-40 | 40-50 |
|---|---|---|---|---|---|
| No. Of students | 6 | 10 | 14 | 8 | 12 |

Answer the followings questions.

*.Draw less than and more than ogive.

*.Show the intersection point and interpret the corresponding score

14. A data on the annual profit of a firm is given below, Draw the Time series graph (ടൈം സീരീസ് ഗ്രാഫ് തയ്യാറാക്കുക)

| Year | 2002 | 2003 | 2004 | 2005 | 2006 | 2007 |
|---|---|---|---|---|---|---|
| Profit | 60 | 72 | 75 | 65 | 80 | 95 |

# Chapter 5

## MEASURES OF CENTRAL TENDENCY

## കേന്ദ്രീയ പ്രവണതയുടെ അളവുകൾ

**ശരാശരി – Average**

അനേകം മൂല്യങ്ങളെ സൂചിപ്പിക്കുന്ന ഏക മൂല്യത്തിനാണ് ശരാശരി എന്ന് പറയുന്നത്. ഒരു നല്ല ശരാശരിക്ക് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ

1. അത് എളുപ്പത്തിൽ മനസ്സിലാകുന്നു.
2. കണക്കാക്കാൻ എളുപ്പമായിരിക്കണം
3. എല്ലാ ഇനങ്ങളേയും അടിസ്ഥാനമാക്കിയുള്ളതായിരിക്കണം
4. സ്ഥിരത ഉണ്ടായിരിക്കണം
5. ഒരു വില ഉണ്ടായിരിക്കണം

**സമാന്തര മാധ്യം (Arithemetic Mean)**

ഒരു മൂല്യത്തിന്റെ മുഴുവൻ അളവുകളേയും സൂചിപ്പിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന രീതിയാണ് സമാന്തര മാധ്യം. ഇത് പല രൂപത്തിൽ കാണാം.

**Individual Series (സ്വതന്ത്ര ശ്രേണി) :** സ്വതന്ത്ര ശ്രേണിയിൽ മാധ്യം കാണാൻ തന്നിരിക്കുന്ന എല്ലാ സംഖ്യകളും കൂട്ടി അതിനെ അതിന്റെ എണ്ണം കൊണ്ട് ഹരിക്കണം

$$\text{Mean} = \frac{\sum x}{N}$$

**Eg:** Mark of 11 Students : 2 4 6 8 10 12 14 16 18 20 22

$\sum x = 132$, N=11 $\frac{\sum x}{N} = \frac{132}{11} = 12$

**Discrete Series (അസന്തത ശ്രേണി):** അസന്തത ശ്രേണിയിൽ മാധ്യം കാണാൻ ഓരോ ഐറ്റത്തേയും അതിന്റെ ആവൃത്തി കൊണ്ട് ഗുണിക്കുന്നു. അതിനു ശേഷം ഗുണന ഫലത്തിന്റെ തുകയെ ആവൃത്തിയുടെ തുക (N) കൊണ്ട് ഹരിക്കുന്നു.

| Mark X | Frequency F | FX |
|---|---|---|
| 10 | 1 | 10 |
| 20 | 6 | 120 |
| 30 | 6 | 180 |
| 40 | 4 | 160 |
| 50 | 2 | 100 |
| | N=19 | $\sum$fx = 570 |

$$\text{Mean} = \frac{\sum fx}{N}$$

$\sum fx = 570$, N=19 $\frac{\sum fx}{N} = \frac{570}{19} = 30$

**Continuous Series :** സന്തത ശ്രേണിയിൽ മാധ്യം കാണാൻ ഓരോ ക്ലാസ്സിന്റേയും മധ്യവില കാണുന്നു. അതിനെ ആവൃത്തി കൊണ്ട് ഗുണിക്കുന്നു. അതിനു ശേഷം ഗുണന ഫലത്തിന്റെ തുകയെ ആവൃത്തിയുടെ തുക കൊണ്ട് ഹരിക്കുന്നു.

Mark

| Mark X | Frequency F | Midpoint M | FM |
|---|---|---|---|
| 10-20 | 1 | 15 | 15 |
| 20-30 | 4 | 25 | 100 |
| 30-40 | 4 | 35 | 140 |
| 40-50 | 1 | 45 | 45 |
| | 10 | | 300 |

**Mean = $\frac{\sum fx}{N}$**

$\sum$fm = 300, N=10 $\frac{\sum fm}{N} = \frac{300}{10} = 30$

**മാധ്യകം (Median)**

ഒരു ശ്രേണിയിലെ മധ്യ മൂല്യത്തെ സൂചിപ്പിക്കുന്നു. ദത്തങ്ങളിലെ കേന്ദ്രീയമായ ഇനമായിരിക്കും ഇത്. മാധ്യകം കാണാൻ ആദ്യം ദത്തങ്ങളെ ആരോഹണ ക്രമത്തിലോ, അവരോഹണ ക്രമത്തിലോ അവതരിപ്പിക്കാം.

**Individual :** സ്വതന്ത്ര ശ്രേണിയിൽ മാധ്യകം കണാൻ സംഖ്യകളെ അണി ആക്കിയ ശേഷം അവയുടെ എണ്ണത്തിനോടൊപ്പം ഒന്ന് കൂട്ടി 2 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന സംഖ്യയുടെ സ്ഥാനത്ത് വരുന്ന മൂല്യമാണ് മാധ്യകം.

**Mean = $\frac{N+1}{2}$ th item**

Eg: Marks of 11 Students : 2 4 6 8 10 12 14 16 18 20 22

$\frac{N+1}{2}$ th item N = 11 $\frac{11+1}{2}$ th item = $6^{th}$ Item = 12

**Discrete Series:** അസന്തത ശ്രേണിയിൽ മാധ്യകം കാണാൻ ദത്ത ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ എഴുതുക, സഞ്ചിതാവൃത്തി കാണുക, N+1/2 വിന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എന്ന് നോക്കുക, അതിനു നേരെയുള്ളതായിരിക്കും മീഡിയൻ.

**Mean = $\frac{N+1}{2}$ th item**

| Mark X | Frequency F | CX |
|---|---|---|
| 10 | 1 | 1 |
| 20 | 6 | 7 |
| 30 | 6 | 13 |
| 40 | 4 | 17 |
| 50 | 2 | 19 |
| | N=19 | |

j$\frac{N+1}{2}$ th item N = 19 $\frac{19+1}{2}$ th item = $10^{th}$ Item

= it include in CF 13, so Median is 30

**Continuous Series**

സ്റ്റെപ്സ്

- ദത്ത ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ എഴുതുക.
- സഞ്ചിതാവൃത്തി (Cumulative Frequency) കാണുക
- N/2 എന്ന സമവാക്യം ഉപയോഗിച്ച് മീഡിയൻ ക്ലാസ്സ് കാണുക
- N/2 ന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എന്ന് നോക്കുക.
- ആ CF നു നേരെ ഉള്ളതായിരിക്കും മീഡിയൻ ക്ലാസ്സ്
- സമവാക്യം ഉപയോഗിക്കുക

**Mean = $\frac{N+1}{2}$ th item**

(മാധ്യകം കാണുമ്പോൾ Inclusive ആണെങ്കിൽ അതിനെ Exclusive ആക്കിമാറ്റണം)

- L Lower Limit – മൂഡിയൻ ക്ലാസിന്റെ നീചസീമ
- CF Cumulative Frequency മീഡിയൻ ക്ലാസിനു തൊട്ട് മുകളിലുള്ള CF
- F Frequency മീഡിയൻ ക്ലാസ്സിന്റെ ആവൃത്തി
- i Class Interval ക്ലാസ്സിന്റെ വ്യത്യാസം

| Mark X | Frequency F | CF |
|---|---|---|
| **10-20** | **1** | **1** |
| **20-30** | **4** | **5** |
| **30-40** | **4** | **9** |
| **40-50** | **1** | **10** |
| | **10** | |

; $\frac{N}{2}$ = 10/2 = 5 Median Class 20-30  1 = 20, cf = 1, f=4

i = 10

$20 + \frac{5-1}{4}$ x 10 = 20+10 = 30

**ചതുർത്ഥകം (Quartiles)** ഡാറ്റയെ നാലു ഭാഗമാക്കി ലഭിക്കുന്ന മൂല്യമാണ് ചതുർ ത്ഥകം. ഇവ 3 എണ്ണമുണ്ട്.

**ഒന്നാം ചതുർത്ഥകം Q1**

**Individual Series :** സ്വതന്ത്ര ശ്രേണിയിൽ ചതുർത്ഥകം കാണാൻ സംഖ്യകളെ അണി ആക്കിയ ശേഷം അവയുടെ എണ്ണത്തിനോടൊപ്പം ഒന്ന് കൂട്ടി 4 കൊണ്ട് ഹരിച്ചാൽ കിട്ടു ന്ന സംഖ്യയുടെ സ്ഥാനത്ത് വരുന്ന മൂല്യമാണ് ഒന്നാം ചതുർത്ഥകം

**Q1 = $\frac{N+1}{4}$ th item**

Eg: Marks of 11 Students : 2 4 6 8 10 12 14 16 18 20 22

$\frac{N+1}{4}$ th item N = 11 $\frac{11+1}{2}$ th item = 3rd Item Q1 = 6

**Discrete Series :** അസന്തത ശ്രേണിയിൽ ചതുർത്ഥകം കാണാൻ ദത്ത ആരോഹണ ക്രമത്തിലോ അഅവരോഹണ ക്രമത്തിലോ എഴുതുക. സഞ്ചിതാവൃത്തി കാണുക, N+1/4 ന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എ്ന് നോക്കുക, അതിനു നേരെയുള്ള തായിരിക്കും ഒന്നാം ചതുർത്ഥകം

| Mark X | Frequency F | CF |
|---|---|---|
| 10 | 1 | 1 |
| 20 | 6 | 7 |
| 30 | 6 | 13 |
| 40 | 4 | 17 |
| 50 | 2 | 19 |
| | N=19 | |

$$Q1 = \frac{N+1}{4} \text{ th item}$$

Q1 = $\frac{N+1}{2}$ th item N = 19 $\frac{19+1}{4}$ th item = 5th Item

= it include in CF7, so Q1 is 20

**Continuous Series**

സ്റ്റെപ്സ്

- ദത്ത ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ എഴുതുക.
- സഞ്ചിതാവൃത്തി (Cumulative Frequency) കാണുക
- N/4 എന്ന സമവാക്യം ഉപയോഗിച്ച് ചതുർത്ഥക ക്ലാസ്സ് കാണുക.
- N/4 ന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എന്ന് നോക്കുക.
- ആ CF നു നേരെ ഉള്ളതായിരിക്കും ചതുർത്ഥക ക്ലാസ്സ്
- സമവാക്യം ഉപയോഗിക്കുക

$$Q1 = l + \frac{\frac{N}{4} - cf}{f} x \text{ i}$$

L Lower Limit - ചതുർത്ഥക ക്ലാസിന്റെ നീചസീമ

CF Cumulative Frequency ചതുർത്ഥക ക്ലാസിനു തൊട്ട് മുകളിലുള്ള CF

F Frequency ചതുർത്ഥക ക്ലാസ്സിന്റെ ആവൃത്തി

i Class Interval ക്ലാസ്സിന്റെ വ്യത്യാസം

| Mark X | Frequency F | CF |
|---|---|---|
| 10-20 | 1 | 1 |
| 20-30 | 4 | 5 |
| 30-40 | 4 | 9 |
| 40-50 | 1 | 10 |
| | 10 | |

$\frac{N}{4}$ = 10/4 = 2.5 Q1 Class 20-30, cf = 1, f = 4, i=10

20 + $\frac{2.5-1}{4}$ x 10 = 20+3.75 = 23.75

## മൂന്നാം ചതുർത്ഥകം Q3

**Individual Series :** സ്വതന്ത്ര ശ്രേണിയിൽ ചതുർത്ഥകം കാണാൻ സംഖ്യകളെ അണി ആക്കിയ ശേഷം അവയുടെ എണ്ണത്തിനോടൊപ്പം ഒന്ന് കൂട്ടി 4 കൊണ്ട് ഹരിച്ച് 3 കൊണ്ട് ഗുണിച്ചാൽ കിട്ടുന്ന സംഖ്യയുടെ സ്ഥാനത്ത് വരുന്ന മൂല്യമാണ് മൂന്നാം ചതുർത്ഥകം

$$Q3 = \frac{3N+1}{4} \text{ th item}$$

Eg: Marks of 11 Students : 2 4 6 8 10 12 14 16 18 20 22

$\frac{3N+1}{4}$ th item N = 11 $\frac{3\,x11+1}{2}$ th item = 9th Item Q3 = 18

**Discrete Series :** അസന്തത ശ്രേണിയിൽ ചതുർത്ഥകം കാണാൻ

1. ദത്ത ആരോഹണ ക്രമത്തിലോ അഅവരോഹണ ക്രമത്തിലോ എഴുതുക.
2. സഞ്ചിതാവൃത്തി കാണുക,
3. N+1/4 ന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എന്ന് നോക്കുക, അതിനു നേരെയുള്ളതായിരിക്കും മൂന്നാം ചതുർത്ഥകം

$$Q3 = \frac{3N+1}{4} \text{ th item}$$

| Mark X | Frequency F | CF |
|---|---|---|
| 10 | 1 | 1 |
| 20 | 6 | 7 |
| 30 | 6 | 13 |
| 40 | 4 | 17 |
| 50 | 2 | 19 |
| | N=19 | |

$\frac{3N+1}{4}$ th item N = 19 $\frac{3\,x\,19+1}{4}$ th item = 15th Item

= it include in CF17, so Q3 is 40

***ontinuous Series***

സ്റ്റെപ്സ്

1. ദത്ത ആരോഹണ ക്രമത്തിലോ അവരോഹണ ക്രമത്തിലോ എഴുതുക.
2. സഞ്ചിതാവൃത്തി (Cumulative Frequency) കാണുക
3. 3N/4 എന്ന സമവാക്യം ഉപയോഗിച്ച് ചതുർത്ഥക ക്ലാസ്സ് കാണുക.
4. 3N/4 ന്റെ മൂല്യം CF ൽ എവിടെയാണോ ഉൾപ്പെടുന്നു എന്ന് നോക്കുക.
5. ആ CF നു നേരെ ഉള്ളതായിരിക്കും ചതുർത്ഥക ക്ലാസ്സ്
6. സമവാക്യം ഉപയോഗിക്കുക

$$Q3 = l + \frac{\frac{3N}{4} - cf}{f} \times i$$

- L Lower Limit - ചതുർത്ഥക ക്ലാസിന്റെ നീചസീമ
- CF Cumulative Frequency ചതുർത്ഥക ക്ലാസിനു തൊട്ട് മുകളിലുള്ള CF
- F Frequency ചതുർത്ഥക ക്ലാസ്സിന്റെ ആവൃത്തി
- i Class Interval ക്ലാസ്സിന്റെ വ്യത്യാസം

| Mark X | Frequency F | CF |
|---|---|---|
| 10-20 | 1 | 1 |
| 20-30 | 4 | 5 |
| 30-40 | 4 | 9 |
| 40-50 | 1 | 10 |
| | 10 | |

$\frac{3N}{4}$ = 30/4 = 7.5 Q3 Class 30-40,

1 =30  cf = 5, f = 4, i=10

$30 + \frac{7.5-5}{4}$ x 10 = 30+6.25 = 36.25

**Deciles (ഡിസൈൽസ്):** വിതരണത്തെ 10 തുല്യ ഭാഗങ്ങളാക്കി ലഭിക്കുന്ന മൂല്യമാണ് ഡിസൈൽസ്

**Percentiles (പെർസന്റൈൽ):** വിതരണത്തെ 100 തുല്യ ഭാഗങ്ങളാക്കി ലഭിക്കുന്ന മൂല്യമാണ് പെർസന്റൈൽ

**ബഹുലകം (MODE) :** ഒരു ശ്രേണിയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം ആവർത്തിക്കുന്ന സംഖ്യയാണ് മോഡ്.

**Individual Series :** ഏറ്റവും കൂടുതൽ പ്രാവശ്യം ആവർത്തിക്കുന്ന സംഖ്യ

3 Median – 2 Mean

**Eg:** Marks of 11 Students : 2 4 6 8 10 12 14 16 18 20 22

Mean = $\frac{\sum x}{N}$ $\sum$x = 132, N=11 $\frac{132}{11}$ **= 12**

Median = $\frac{N+1}{2}$ th item N = 11 $\frac{11+}{2}$ th item = $6^{th}$ Item = 12

Mode = 3 Median – 2 Mean = 3 *x* 12 – 2 *x* 12 = 12

**Discrete Series :** ഏറ്റവും വലിയ ആവർത്തിയുള്ള സംഖ്യ

**Mode = 3 Median – 2 Mean**

| Mark X | Frequency F | FX |
|---|---|---|
| 10 | 1 | 10 |
| 20 | 6 | 120 |
| 30 | 6 | 180 |
| 40 | 4 | 160 |
| 50 | 2 | 100 |
| | N=19 | $\sum$fx = 570 |

**$\sum$fx = 570, N= 19** $\frac{\sum fx}{N}$ $\frac{570}{19}$ **= 30**

$\frac{N+1}{2}$ th item N = 19 $\frac{19+1}{2}$ th item = $10^{th}$ Item

= it include in CF13, so Median is 30

Mode = 3 Median – 2 Mean = 2 *x* 30 – 2 *x* 30 = 30

**Continuous Series**

$$l + \frac{D1}{D1+D2} x\ i$$

- ഏറ്റവും വലിയ ആവൃത്തിക്ക് നേരെയുള്ള ക്ലാസ്സാണ് മോഡ് ക്ലാസ്സ്
- L = മോഡ് ക്ലാസ്സിന്റെ നീചസീമ
- മോഡ് ക്ലാസ്സിന്റെ F ഉം, അതിന്റെ മുകളിലുള്ള F ഉം തമ്മിലുള്ള വ്യത്യാസം
- മോഡ് ക്ലാസ്സിന്റെ F ഉം അതിന്റെ താഴെയുള്ള F ഉം തമ്മിലുള്ള വ്യത്യാസം

| *Class* | *Frequency* |
|---|---|
| *0-10* | *4* |
| *10-20* | *6* |
| *20-30* | *8* |
| *40-40* | *10* |
| *40-50* | *6* |
| *50-60* | *4* |

$$l + \frac{D1}{D1+D2} x\ i$$

Mode Class = 30 – 40 (highest frequency)

L = 30, D1 = 2, D2 = 4, l = 10

$30 + \frac{2}{2+4} x\ 10 = 33.3$

***TEST YOUR KNOWLEDGE***

1. The monthly infome (in Rs) of six families is given. 6 കുടുംബങ്ങളുടെ മാസ വരുമാനം താഴെ തന്നിരിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 1600 | 1500 | 1400 | 1525 | 1625 | 1630 |

2. The data showing marks of students in a class in an economic test: എക്കണോമിക്സ് പരീക്ഷയിൽ കുട്ടികൾക്ക് ലഭിച്ച മാർക്ക് തന്നിരിക്കുന്നു

| | | | | |
|---|---|---|---|---|
| 40, | 50, | 55, | 78, | 58. |

3. The following data shows the weekly income of 10 families 10 കുടുേബങ്ങളുടെ ആഴ്ചയിലെ വരുമാനം താഴെ തന്നിരിക്കുന്നു.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 850, | 700, | 100, | 750, | 5000, | 80, | 420, | 2500, | 400, | 360 |

4. Marks of 10 studetns in an examination given below. ഒരു പരീക്ഷയിൽ 10 കുട്ടികൾക്ക് ലഭിച്ച മാർക്ക് താഴെ തന്നിരിക്കുന്നു

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 22 | 26 | 14 | 30 | 18 | 11 | 35 | 41 | 12 | 32. |

5. The frequency distribution of the number of persons and their respective incomes (in Rs) are given below. ആവൃത്തി വിതരണത്തിൽ ആളുകളുടെ വരുമാനവും എണ്ണവും തന്നിരിക്കുന്നു.

| Income | 10 | 20 | 30 | 40 |
|---|---|---|---|---|
| No. of persons | 2 | 4 | 10 | 4 |

6. Daily wages earned by 40 workers is given below. തൊഴിലാളികളുടെ ദിവസ വേതനം താഴെ കൊടുത്തിരിക്കുന്നു.

| Wages | 50 | 100 | 150 | 200 | 250 | 300 |
|---|---|---|---|---|---|---|
| No. of workers | 2 | 5 | 9 | 14 | 8 | 2 |

7. The following table shows the daily wages of workers in a factory

| Wages | 50 | 100 | 150 | 200 | 250 | 300 | 350 | 400 | 450 | 500 |
|---|---|---|---|---|---|---|---|---|---|---|
| No. of workers | 2 | 8 | 10 | 15 | 12 | 10 | 18 | 16 | 6 | 3 |

8. Income obtained by 20 workers in a company

| Income | 100 | 200 | 300 | 400 |
|---|---|---|---|---|
| No. of workers | 2 | 4 | 10 | 4 |

9. Marks obtained by 30 students

| Marks | 10 | 12 | 19 | 20 | 28 | 35 | 36 | 39 |
|---|---|---|---|---|---|---|---|---|
| No. of students | 3 | 8 | 2 | 10 | 2 | 2 | 2 | 1 |

10. In a city weekly observation made in a study on the cost of living index are given

| Cost | 140 | 150 | 160 | 170 | 180 | 190 |
|---|---|---|---|---|---|---|
| No. of weeks | 5 | 10 | 20 | 9 | 6 | 2 |

11. The marks obtained by 70 students are given 70 കുട്ടികളുടെ മാർക് താഴെ തന്നിരിക്കുന്നു.

| Marks | 0-10 | 10-20 | 20-30 | 30-40 | 40-50 | 50-60 | 60-70 |
|---|---|---|---|---|---|---|---|
| No. of students | 5 | 12 | 15 | 25 | 8 | 3 | 2 |

12. Following data relates to daily wages of persons working in a factory

| Wages | 55-60 | 50-55 | 45-50 | 40-45 | 35-40 | 30-35 | 25-30 | 20-25 |
|---|---|---|---|---|---|---|---|---|
| No. of workers | 7 | 13 | 15 | 20 | 30 | 33 | 28 | 14 |

13. The following series relates to the daily income of workers employed in a firm. ഒരു ഫാക്ടറിയിലെ തൊഴിലാളികളുടെ ദിവസ വരുമാനം തന്നിരിക്കുന്നു.

| Income | 10-14 | 15-19 | 20-24 | 25-29 | 30-34 | 35-39 |
|---|---|---|---|---|---|---|
| No. of workers | 5 | 10 | 15 | 20 | 10 | 5 |

14. The following table given production yield in kg. per hectare of wheat of 150 farms in a village. Calculate the mean, median and mode values.

| Production | 50-53 | 53-56 | 56-59 | 59-62 | 62-65 | 65-68 | 68-71 | 71-74 | 74-77 |
|---|---|---|---|---|---|---|---|---|---|
| No. of farms | 3 | 8 | 14 | 30 | 36 | 28 | 16 | 10 | 5 |

# Chapter 6

# വ്യതിയാനത്തിന്റെ അളവുകൾ

ഒരു ഡാറ്റ സെറ്റിലെ സംഖ്യകൾ അതിന്റെ ശരാശരിയിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നതിന് വ്യതിയാനത്തിന്റെ അളവുകൾ ഉപയോഗിക്കുന്നു.

വ്യതിയാനത്തിന്റെ അളവുകൾ താഴെ പറയുന്നവയാണ്.

1. റെയ്ഞ്ച് (Range)
2. ക്വാർട്ടൈൽ ഡീവിയേഷൻ / ചതുർത്ഥക വിചലനം
3. മാധ്യ വിചലനം (Mean Deviation)
4. മാനക വിചലനം (Standard Deviation)

## 1. റെയ്ഞ്ച് (Range)

ഒരു ഡാറ്റ സെറ്റിലെ ഏറ്റവും വലിയ സംഖ്യയും ഏറ്റവും ചെറിയ സംഖ്യയും തമ്മിലുള്ള വ്യത്യാസമാണ് റെയ്ഞ്ച്.

**റെയ്ഞ്ച് (R) = L - S**

L = ഉയർന്ന സംഖ്യ

S = ചെറിയ സംഖ്യ

റെയ്ഞ്ചിന്റെ ഗുണാങ്കം = $\frac{L - S}{L + S}$

**ഉദാഹരണം 1**

താഴെ കൊടുത്തിരിക്കുന്ന വിവരങ്ങളുപയോഗിച്ച് റെയ്ഞ്ചും അതിന്റെ ഗുണാങ്കവും കാണുക.

20, 25, 29, 30, 35, 39, 41, 48, 51, 60, 70

റെയ്ഞ്ച് (R) = L – S; L = 70; S = 20

R = 70 – 20 = 50

റെയ്ഞ്ചിന്റെ ഗുണാങ്കം = $\frac{L-S}{L+S} = \frac{70-2}{70+2} = \frac{50}{90} = 56$

## 2. ചതുർത്ഥക വിചലനം (Quartile Deviation; QD)

ചതുർത്ഥക അന്തർ മേഖല (Inter-Quartile Range) യുടെ പകുതിയാണ് ചതുർത്ഥക വിചലനം (QD)

**ചതുർത്ഥക അന്തർ മേഖല = Q3 - Q1**

**ചതുർത്ഥക വിചലനം** $= \frac{Q3 - Q1}{2}$

**QD യുടെ ഗുണാങ്കം** $= \frac{Q3 - Q1}{Q3+Q1}$

### ഗ്രൂപ്പ് ചെയ്യാത്ത ഡാറ്റയിൽ നിന്നും QD കാണുന്നതിനുള്ള ഘട്ടങ്ങൾ

1. ഡാറ്റയെ ആരോഹണ ക്രമത്തിലാക്കുക.
2. Q1 കാണുക, $Q_1 = (\frac{N+1}{4})^{th}$ ഇനം
3. Q3 കാണുക $Q_3 = 3(\frac{N+1}{4})^{th}$ ഇനം
4. QD കാണുക $QD = \frac{Q3-Q1}{2}$ ഇനം

### ഉദാഹരണം 2

താഴെ തന്നിരിക്കുന്ന ദത്തങ്ങളിൽ നിന്നും ചതുർത്ഥക വിചലനവും (QD) അതിന്റെ ഗുണാങ്കവും കാണുക.

40, 56, 80, 24, 60, 30, 100

### ഉത്തരം

ആരോഹണ ക്രമത്തിലേക്ക് വിവരങ്ങളെ മാറ്റുക

24, 30, 40, 56, 60, 80, 100

$Q_1 = (\frac{N+1}{4})^{th}$ ഇനം $= (\frac{7+1}{4})^{th}$ ഇനം

$= \frac{8}{4} \quad = 2^{nd}$ ഇനം $= 30$

ഡാറ്റയിൽ രണ്ടാമത്തെ ഇനം 30 ആകുന്നു.

$Q_1 = 30$

$Q_3 = 3(\frac{N+1}{4})^{th}$ ഇനം $= 3(\frac{7+1}{4})^{th}$ ഇനം

$= \frac{24}{4} = 6^{th}$ ഇനം $= 80$

ഡാറ്റയിലെ 6-ാമത്തെ ഇനം $= 80$; $Q_3 = 80$

$QD = \frac{Q3-Q1}{2} = \frac{80-30}{2} = \frac{50}{2} = 25$

$QD = 25$

QD യുടെ ഗുണാങ്കം $= \frac{Q3-Q1}{Q3+Q1}$

$= \frac{80-}{80+30} = \frac{50}{110} = 0.455$

## ഗ്രൂപ്പ് ചെയ്ത ഡാറ്റയിൽ നിന്നും ചതുർത്ഥക വിചലനം (QD) കാണുന്ന വിധം;

സന്തത ശ്രേണി (Continuous Series)

### ഘട്ടങ്ങൾ (Steps)

1. സഞ്ചിതാവൃത്തി (Cumulative Frequency) കാണുക
2. $Q_1 = \frac{N}{4}$ th ഇനം

   $Q_1 = L + (\frac{\frac{n}{4}-cf}{f}) \, x \, i$
3. $Q_3$ കാണുക $Q_3 = \frac{3N}{4}$ th ഇനം

   $Q_3 = 3 + (\frac{\frac{n}{4}-cf}{f}) \, x \, i$
4. QD കാണുക; $QD = \frac{Q3-Q1}{2}$
5.

### ഉദാഹരണം 3

താഴെ തന്നിരിക്കുന്ന പട്ടികയിൽ നിന്നും ചതുർത്ഥക വിചലനവും അതിന്റെ ഗുണാങ്കവും കാണുക.

| മാർക്ക് | 20 – 25 | 25 – 30 | 30 – 35 | 35 – 40 | 40 - 45 |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 4 | 20 | 50 | 32 | 14 |

ഉത്തരം

| മാർക്ക് | കുട്ടികളുടെ എണ്ണം (f) | സഞ്ചിതാവൃത്തി (CF) |
|---|---|---|
| 20 – 25 | 4 | 4 |
| 25 – 30 | 20 | 24 |
| 30 – 35 | 50 | 74 |
| 35 – 40 | 32 | 106 |
| 40 – 45 | 14 | 120 |

$Q_1 = \frac{N}{4}$ th ന്റെ ഇനം $\frac{120}{4} = 30^{th}$ ഇനം

$Q_1$ 30 – 35 ക്ലാസിലാണ്

$Q_1 = L + (\frac{\frac{n}{4} - cf}{f}) \, x \, I =$

$L = 30$; $\frac{N}{4} = 30$; $cf = 24$; $f = 50$; $i = 5$

$Q_1 = 30 + \frac{30-24}{50}$ x 5 $= 30 + 0.6 = 30.6$

$Q_3 = \frac{3N}{4}$ th ഇനം $\frac{3 \, x \, 120}{4} = \frac{360}{4} = 90^{th}$ ഇനം

$Q_3$ 35 – 40 ക്ലാസിലാണ്

$Q_3 = 35 + \frac{90-74}{32}$ x 5 $= 35 + 2.5 = 37.5$

$QD = \frac{Q3-Q1}{2} = \frac{37.5-30.6}{2} = 3.45$

QD യുടെ ഗുണാങ്കം $= \frac{Q3-Q1}{Q3+Q1} = \frac{37.5-30.6}{37.5+30.6} = \frac{6.9}{68.1} = 0.101$

## മാനക വിതലനം (Standard Deviation)

ഒരു ഡാറ്റ സെറ്റിലെ സംഖ്യകളും അവയുടെ മാധ്യവും (Mean) തമ്മിലുള്ള വ്യത്യാസങ്ങളുടെ വർഗ്ഗവിചലന (Squared Deviation) മാധ്യത്തിന്റെ വർഗ്ഗമൂല (Square Root) മാണ് മാനകവിചലനം

ഗ്രൂപ്പ് ചെയ്യാത്ത ഡാറ്റയിൽ മാനക വിചലനം കാണുന്ന വിധം

$$\sigma = \sqrt{\frac{\sum fd^2}{n}}$$

σ = Standard Deviation

$d = X - \bar{X}$

n = ഇനങ്ങളുടെ എണ്ണം

മാനക വിചലനത്തിന്റെ ഗുണാങ്കം $= \frac{\sigma}{\bar{X}}$ x 100

**ഉദാഹരണം 4**

താഴെ തന്നിരിക്കുന്ന ഡാറ്റയിൽ നിന്നും മാനക വിചലനം (Standard Deviation) കാണുക.

5, 10, 25, 30, 50

| X | d<br>$(X - \bar{X})$ X- 24 | $d^2$ |
|---|---|---|
| 5 | -19 | 361 |
| 10 | -14 | 196 |
| 25 | 1 | 1 |
| 30 | 6 | 36 |
| 50 | 26 | 676 |

$\sum X = 120$ $\bar{X} = \frac{\sum x}{N} = \frac{120}{5} = 24$

$\sigma = \sqrt{\frac{\sum fd^2}{n}}$ $\sum d^2 = 1270$

$= \sqrt{\frac{1270}{5}}$; $\sqrt{254} = 15.937$

മാനക വിചലനത്തിന്റെ ഗുണാങ്കം $= \frac{\sigma}{\bar{X}}$ x 100

$\sigma = 15.937$; $\bar{X} = 24$

$= \frac{15.937}{24}$ x 100

= 66.4

## ഗ്രൂപ്പ് ചെയ്ത ഡാറ്റ : സന്തത ശ്രേണി (Continuous Series)

ഘട്ടങ്ങൾ

1. അരിത് മെറ്റിക മീൻ കാണുക = $\bar{X} = \frac{\sum fm}{\sum f}$ m= midpoint
2. d കാണുക $d = m - \bar{X}$
3. $d^2$ കാണുക $d = m - \bar{X}$
4. $fd^2$ കാണുക $d = m - \bar{X}$
5. $\frac{\sum fd^2}{\sum f}$ എന്ന സമവാക്യം ഉപയോഗിക്കുക.

**ഉദാഹരണം 5**

താഴെ തന്നിരിക്കുന്ന പട്ടികയിൽ നിന്നും സ്റ്റാന്റേർഡ് ഡീവിയേഷൻ കാണുക

| Mark | F | M | d<br>m – 35 | $d^2$ | $fd^2$ |
|---|---|---|---|---|---|
| 10 – 20 | 1 | 15 | -20 | 400 | 400 |
| 20 – 30 | 2 | 25 | -10 | 100 | 200 |
| 30 – 40 | 3 | 35 | 0 | 0 | 0 |
| 40 – 50 | 2 | 45 | 10 | 100 | 200 |
| 50 – 60 | 1 | 55 | 20 | 400 | 400 |

$\sum f = 9$ $\sum f m = 315$ $\sum fd^2 = 1200$

$$\bar{X} = \frac{\sum fm}{\sum f} = \frac{315}{9} = 35$$

$$\sigma = \sqrt{\frac{\sum fd^2}{\sum f}} = \sqrt{\frac{1200}{9}} = \sqrt{133.34} = 11.6$$

## Chapter 7 (See English Version)

## Chapter 8

# Index Number സൂചകാങ്കങ്ങൾ

**സൂചകാങ്കങ്ങൾ (Index Number)**

കാലം, ഭൂമിശാസ്ത്രപരമായ സവിശേ ഷത, മറ്റു സവിശേഷതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന ഒരു കൂട്ടം ചരങ്ങളിലെ മാറ്റങ്ങൾ അളക്കാനുള്ള ഉപകരണമാണ് സൂചകാങ്കം. വിലയിലെ മാറ്റം, സെൻസെക്സിലെ മാറ്റം എന്നിവ പരിശോധിക്കാൻ സൂചകാങ്കം ഉപയോഗിക്കുന്നു.

**സൂചകാങ്കങ്ങളുടെ ഉപയോഗം Use of Index Numbers**

- വിലയിലെ മാറ്റം പരിശോധിക്കാൻ സാധിക്കുന്നു
- ഉചിതമായ സാമ്പത്തിക നയങ്ങൾ രൂപീകരിക്കാൻ സഹായിക്കുന്നു
- ഇത് പണത്തിന്റെ ക്രയശേഷി അളക്കുന്നു
- സൂചകാങ്കം നാണയ മൂല്യം അളക്കുന്നു
- സൂചകാങ്കം നാണയമൂല്യം അളക്കുന്നതിന് സഹായിക്കുന്നു
- അവ താൽപര്യങ്ങളും പ്രവണതകളും വ്യക്തമാക്കുന്നു.

**സൂചകാങ്കങ്ങൾ നിർമ്മിക്കാൻ പല മാർഗ്ഗങ്ങളുണ്ട്**

ലഘു സൂചകാങ്കം

$$P01 = \frac{\Sigma P1}{\Sigma P0} x100$$

**Weighted aggregative Price Index**

**LASPEYRES** $P01 = \frac{\Sigma P1}{\Sigma P0q0} x100$

**PAASCHE'S** $P01 = \frac{\Sigma P1q}{\Sigma P0} x100$

- P1-പുതിയവർഷത്തെ വില (Current year)
- P0 - പഴയവർഷത്തെ വില (Base year)
- q0 പുതിയ വർഷത്തെ തൂക്കം
- q1 പഴയ വർഷത്തെ തൂക്കം

**സൂചകാങ്കങ്ങളുടെ നിർമ്മിതിയിലുള്ള പ്രശ്നങ്ങൾ (Issues in the construction of an Index number)**

1. സൂചകാങ്കം നിർമ്മിക്കാൻ ആദ്യം ഉദ്ദേശം നിർണ്ണയിക്കണം
2. അടിസ്ഥാന വർഷത്തെയും പ്രസക്ത വർഷത്തെയും തെരഞ്ഞെടുക്കുക
3. വില സംബന്ധിച്ച വിവരങ്ങളെത്തിക്കാൻ ഏജന്റുമാരെയോ, സ്ഥാപനങ്ങളേയോ ചുമതലപ്പെടുത്തുക
4. ഒരു ശരാശരിയെ തെരഞ്ഞെടുക്കണം
5. സൂത്രവാക്യം തെരഞ്ഞെടുക്കണം

## Chapter 9

# സാംഖ്യക ഉപകരണങ്ങളുടെ ഉപയോഗം

### ഒരുപ്രോജക്റ്റ് ഉണ്ടാക്കാനുള്ള നടപടിക്രമം

1. ഒരു പഠന മേഖല നിർണ്ണയിക്കുക (Identifying a problem) : എന്താണ് പഠിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് ആദ്യം നിർണ്ണയിക്കണം ദാരിദ്ര്യം, തൊഴിലില്ലായ്മ, കുടിവെള്ള പ്രശ്നം ഇങ്ങനെ ഏതെങ്കിലും
2. പഠന ഗ്രൂപ്പിനെ തെരഞ്ഞെടുക്കണം (Choice of target group): പഠന വിഷയം തെരഞ്ഞെടുത്ത് കഴിഞ്ഞാൽ പഠിക്കനാവശ്യമായ ഗ്രൂപ്പിനെ തെരഞ്ഞെടു ക്കണം. ഗ്രാമീണ ജനങ്ങൾ, നഗര ജനങ്ങൾ, സ്ത്രീകൾ, പുരുഷന്മാർ എന്നിങ്ങനെ ഏതെങ്കിലും ഒരുവിഭാഗം.
3. ദത്ത ശേഖരണം (Collection of data) : പഠിക്കാനാവശ്യമായ വിവരങ്ങൾ ശേഖരിക്കുക യാണ് അടുത്ത നടപടി. ഇതിനെ പ്രാഥമിക, ദ്വിതീ യ ദത്തശേഖരണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടു ത്താം.
4. ദത്തങ്ങളുടെ അവതരണം (Presentation of data) : ദത്തങ്ങൾ ശേഖരിച്ച ശേഷം അവയെ അവതരിപ്പിക്കണം പട്ടിക, ഗ്രാഫ്, ബാർ ഡയഗ്രം, പൈഡയഗ്രം എന്നിവയെല്ലാം ഉപയോഗിച്ച് ദത്തങ്ങളെ അവതരിപ്പിക്കാം.
5. വിശകലനവും വ്യാഖ്യാനവും (Analysis and Interpretation) : ശരാശരിയുടെ അളവുകളായ മീൻ, മീഡിയൻ, മോഡ്, സഹബന്ധം.... എന്നിവ ഉപയോഗിച്ച് ദത്തങ്ങളെ വിശകലനം ചെയ്യാം.
6. സമാപനം (Conclusion): പഠനഫലം വിശകലനം ചെയ്ത് നിഗമനങ്ങളിൽ എത്തിക്കാം
7. ഗ്രന്ഥ സൂചിക (Bibliography) : പഠനത്തിനായി ഉപയോഗപ്പെടുത്തിയ ആനുകാലിക പ്രസിദ്ധീ കരണങ്ങൾ, ഗവേഷണ റിപ്പോർ ട്ടുകൾ, പത്രങ്ങൾ തുടങ്ങിയവ യെല്ലാം ഇതിൽ പെടും

### ഒരുപ്രൊജക്റ്റ് റിപ്പോർട്ടിന്റെ ഘടന Structure of a Project report

1. **ആമുഖം (Introduction)**

പഠനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവ സൂചിപ്പിക്കുന്നതാണിത് പ്രൊജക്റ്റ് വായിക്കാൻ കൊടുക്കുന്ന ഒരാൾക്ക് അതിന്റെ പ്രസക്തിയും പ്രാധാന്യവും ഇതിലൂടെ മനസ്സിലാക്കാം.

2. **പ്രശ്ന അവതരണം: (Statement of the Problem)**

പ്രോജക്ടിന്റെ പഠന വിഷയം എന്താണെന്ന് വ്യക്തമായും കൃത്യമായും അവതരിപ്പിക്കുന്നതാണിത്

3. **ലക്ഷ്യങ്ങൾ (Objectives)**

പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ എന്തെ ല്ലാമാണെന്ന് വ്യക്തമാക്കുന്നു. കൂടുതൽ വിവരാത്മകമാണിത്.

4. **പഠന രീതി (Methodology)**

പഠനത്തിന് ഉപയോഗിച്ച രീതി സൂചിപ്പിക്കുന്നതാണിത്. അതായത് പഠനത്തിനു പയോഗിച്ച വിവരങ്ങൾ പ്രാഥമികമാണോ, ദ്വിതീയമാണോ, എങ്ങനെയാണ് അവ ശേഖരിച്ചത്, ചോദ്യാവലി ഉപയോഗിച്ചാണോ, സാമ്പിൾ സർവ്വേ ഉപയോഗിച്ചാണോ.. തുടങ്ങിയ വയെല്ലാം സൂചിപ്പിക്കുന്നതാണിത്.

5. **വിശകലനം (Analysis)**

ഒരു പ്രൊജക്ടിന്റെ ഏറ്റവും പ്രധാന ഭാഗമാണിത് ഇവിടെ പ്രൊജക്ടിന്റെ എല്ലാ കാര്യങ്ങളും വ്യക്തമായി സൂചിപ്പിക്കുന്നു.

6. **പരിമിതികൾ (Limitations)**

പ്രോജക്ട് തയ്യാറാക്കുമ്പോൾ ഉായ പരിമിതികളാണ് ഇവിടെ സൂചിപ്പിക്കുന്നത്. സമയകുറവ്, സർവ്വേ നടത്തുമ്പോൾ ലഭിച്ച മറുപടിയുടെ കൃത്യത ഇല്ലായ്മ തുടങ്ങിയ കാര്യങ്ങൾ.

7. **നിഗമനങ്ങൾ (Conclusion)**

പഠനം നടത്തിയതിന്റെ അടിസ്ഥാ നത്തിൽ ചില നിഗമനങ്ങളിൽ എത്തിചേരുന്നതാണിത്. പ്രൊജക്ടിൽ പഠിച്ച പ്രശ്നം കൂടുതലാണെന്നോ, കുറവാണെ ന്നോ, കുറഞ്ഞു വരികയാണെന്നോ എന്നിങ്ങനെ നിഗമനത്തിൽ എത്തിചേരും.